മോട്ടോർ വാഹന വകുപ്പ് :

2015-16 സാമ്പത്തിക വർഷത്തിൽ മോട്ടാർ വാഹന വകുപ്പ് 3087.35 കോടി രൂപയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 2015 ഒക്ടോബർ 31 വരെ 1532.81 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പ് :

4166 കോടി രൂപ പിരിക്കുവാൻ ലക്ഷ്യമിട്ടിരിന്നു. ഇതിൽ 2015 ഒക്ടോബർ 31 വരെ 1462.15 കോടി രൂപ പിരിഞ്ഞുകിട്ടി.

(സി) നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യവിപണനംവഴി ഉദ്ദേശിച്ച വരുമാനം 2600.66 കോടി രൂപയാണ്. ആയതിൽ 2015 ഒക്ടോബർ 31 വരെ 1121.14 കോടി രൂപ പിരിഞ്ഞുകിട്ടി.

(ഡി) സ്വർണ്ണ വിപണന രംഗത്ത് നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2015 ഒക്ടോബർ 31 വരെ സ്വർണ്ണ വിപണനംവഴിയുള്ള നികുതിയായ 322.72 കോടി രൂപ പിരിച്ചെടുത്തു. നടപ്പ് സാമ്പത്തിക വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനത്തിൽ കുറവ് വന്നിട്ടില്ല. 31-10-2015-ലെ കണക്കുകൾ പ്രകാരം 19% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇ-പേമെന്റ് സംവിധാനം

102 (1928) ശ്രീ. കെ. അച്ചുതൻ:
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009 ജനുവരി മാസം മുതൽ വാണിജ്യ നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിലുണ്ട്.

(ബി) ഇ-പേമെന്റ് സംവിധാനത്തിലൂടെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നികുതി വ്യാപാരിതന്നെ വ്യാപാരിയുടെ ഓൺലൈൻ ബാങ്ക് അക്കൗണ്ടിൽനിന്നും സർക്കാരിലേക്ക് ഉടനടി ഒടുക്കാൻ സാധിക്കുന്നു. അവർക്ക് ഇതിനായി ഓഫീസിൽ വരേണ്ട സാഹചര്യം ഒഴിവായി. കൂടാതെ സർക്കാരിന് ലഭിക്കേണ്ട നികുതി കാലതാമസം കൂടാതെ കൃത്യസമയത്തുതന്നെ ലഭ്യമാകുന്നു. ആയതുമൂലം ഓഫീസുകളിൽ നികുതി അടവുമായി ബന്ധപ്പെട്ടിട്ടുള്ള വ്യാപാരികളിൽനിന്നും ചെക്ക്, ഡി.ഡി. മുതലായ മാർഗ്ഗങ്ങളിലൂടെയുള്ള നികുതി അടവിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ട്രഷറിയും അക്കൗണ്ടന്റ് ജനറൽ ഓഫീസുമായിട്ടുള്ള റീകൺസിലിയേഷൻ നടപടികളിലെ കാലതാമസവും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഇത് വ്യാപാരിക്കും സർക്കാരിനും ഒരേപോലെ പ്രയോജനപ്രദമാണ്.

(സി) ഇത് നടപ്പിലാക്കാൻ വാറ്റ് നിയമത്തിലും കേരള ഫിനാൻഷ്യൽ കോഡിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഇ-പേയ്മെന്റിന് ആവശ്യമായിട്ടുള്ള ഇലക്ട്രോണിക് നടപടിക്രമങ്ങൾ സർക്കാരിന്റെ ഇ-ഗവേണൻസ് സോഫ്റ്റ്വെയറും ബാങ്കുകളുടെ ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട വ്യാപാരികൾക്ക് റിട്ടേൺ ഫയൽ ചെയ്യാനും on-line payment നടത്താനും അക്ഷയ കേന്ദ്രങ്ങളുടെ സഹായം പ്രയോജന പ്പെടുത്താനുള്ള സംവിധാനവുമുണ്ട്. ഇതിന്റെ ചെലവ് സർക്കാരാണ് വഹിക്കുന്നത്.

ബീഡിക്ക് പുതുതായി ഏർപ്പെടുത്തിയ നികുതി

103 (1929) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡിക്ക് പുതുതായി നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ബീഡി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ജോലി സുരക്ഷിതത്വത്തിന് ഇത് ഭീഷണിയുയർത്തുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;